## അപ്പൻഡിക്സ് എച്ച് - 4

ശ്രീ. വീരാപ്പു.എം. ഫാർമസിസ്റ്റ് ഗ്രേഡ്-2 പ്രാഥമിക ആരോഗ്യ കേന്ദ്രം, മണ്ണൂർ, പാലക്കാട് ജില്ലാ (സ്ഥാപനം) -നെ അറിയിക്കുന്നത്. താങ്കളുടെ പേരിൽ 01.02.2021 തിയ്യതി ലഭ്യമായ അഡ്രസ്സിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ് (കത്ത് നം.. എ6. 1280/2020 തിയ്യതി, 01.02.2021) ''1960-ലെ കേരളാ സിവിൽ സർവ്വീസസ് (നിയന്ത്രണവും, തരംതിരിവും, അപ്പീലും) പ്രകാരം വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുള്ളത്'' എന്നാൽ പോസ്റ്റൽ അധികാരികൾ കാരണം കാണിക്കൽ നോട്ടീസ് അടങ്ങിയ കവർ 'refused' എന്ന് കാണിച്ച് ഡെലിവറി ചെയ്യാതെ പാലക്കാട് ജില്ലാ മെഡിക്കലാഫീസിലേക്ക് (ആരോഗ്യം) മടക്കിയിട്ടുണ്ട്. ആയതിനാൽ, ഈ നോട്ടീസും പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണ രൂപം നേരിട്ട് അപേക്ഷ നൽകി പാലക്കാട് ജില്ലാ മെഡിക്കലാഫീസറിൽ നിന്നും ഓഫീസ് പ്രവൃത്തി സമയത്ത് ശേഖരിക്കുകയോ, താങ്കളുടെ അഡ്രസ്സിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചുതരുവാൻ അപേക്ഷിക്കുകയൊ ചെയ്യാവുന്നതാണ്.

അച്ചടക്കനടപടി അധികാരിയുടെ തസ്തിക -

**ജില്ലാ മെഡിക്കലാഫീസർ (ആരോഗ്യം), പാലക്കാട്.**

**ജില്ലാ മെഡിക്കലാഫീസർ (ആരോഗ്യം),**
പാലക്കാട്.

സ്വീകർത്താവ്
ശ്രീ. വീരാപ്പു.എം.
മംഗലശ്ശേരി ഹൗസ്
നെല്ലായ പോസ്റ്റ്, പാലക്കാട് 679 335.

എസ്.കെ 18.03.2021.